# കഥാകൃത്തെന്ന കാര്യസ്ഥൻ

# *(കഥയും കഥന-കഥാവശേഷചിന്തകളും)*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc., Ph.D**)*

(ഭാഗം-4/5)

## പുതിയ മുഖങ്ങൾ

ഇന്ന് കഥയൊഴുകുന്ന വഴികൾ വൈവിധ്യം നിറഞ്ഞതാണ്. സാധാരണ കണ്ടുവരാറുള്ള സാഹിത്യരുപങ്ങളിലല്ലെങ്കിലും, കഥകൾ അപ്രതീക്ഷിത സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെട്ട് ചരിത്രംതന്നെ മാറ്റിക്കുറിക്കുന്നു. ഉദാഹരണമായി, ഫേസ്ബുക്കിലോ ട്വിറ്ററിലോ പോസ്റ്റ്ചെയ്ത ചെറുസംഭവകഥകൾ, മിനിറ്റുകൾക്കുള്ളിൽ ആഗോളതലത്തിൽ പടർന്നുപിടിച്ച്, വിപ്ലവങ്ങൾ ഉണ്ടാക്കുന്നു: ഈജിപ്റ്റിലും മറ്റും സ്വാതന്ത്ര്യസമരങ്ങളായി പരിണമിച്ച വസന്തവിപ്ലവത്തിനു നാന്ദികുറിച്ചത് ഫേസ് ബുക്കിലൂടെ പടർന്ന സംഭവകഥകളാണ്. 2013-ൽ സ്റ്റോക്ക്മാർക്കറ്റിലുണ്ടായ താല്ക്കാലിക കൂപ്പുകുത്തലിനു ആസ്പദം, അസോസിയേറ്റഡ് പ്രസ്സിന്റെ ട്വിറ്റർ എക്കൗണ്ടിൽ ഇടിച്ചുകയറി, വൈറ്റ് ഹൗസിനെ ഭീകരർ ആക്രമിച്ചുവെന്നു രേഖപ്പെടുത്തിയ തെറ്റായ കഥയുമായിരുന്നു.

ഇന്നത്തെ കുട്ടികൾ മുത്തശ്ശിക്കഥകളേക്കാൾ അധികം കേട്ടുവളരുന്നത് ഇലക്ട്രോണിക് മാദ്ധ്യമങ്ങളിൽ പ്രചരിക്കുന്ന സംഭവകഥകളാണ്. ഇവയെ പലപ്പോഴും സർഗ്ഗാത്മക സാഹിത്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താനാവില്ലെങ്കിലും ജനതയുടെ ഭാഗധേയനിർണ്ണയത്തിൽ പ്രധാന പങ്കുവഹിക്കുന്നു.

## ഒറ്റമൂലിയിലെ ഘടകങ്ങൾ

ഇനി, ആവർത്തനദോഷമുണ്ടെങ്കിലും, അടിവരകൾക്കു അടിസ്ഥാനമായ ചില കാര്യങ്ങൾ:

- കഥാബീജം തിരഞ്ഞെടുക്കുന്നതിലാണ് കഥയുടെ പ്രധാനവിജയം; അവതരിപ്പിക്കുന്ന രീതിക്കും തുല്യപ്രാധാന്യമുണ്ട്; ഉപയോഗിക്കുന്ന ഭാഷയും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണം; പ്രാരംഭപ്രകടനം വളരെ പ്രധാനം— തുടർവായനയ്ക്കുള്ള തിരിമരുന്ന് ആകുന്നതിനോടൊപ്പം കഥാന്തരീക്ഷത്തിലേക്കും മുഖ്യവിഷയത്തിലേക്കുമുള്ള വാതായനമായിത്തീരുന്നു അത്. അവസാന വരികൾ കഥ മനസ്സിലുണ്ടാക്കിയ വരപ്പിനേയും, ഓർമ്മകോശങ്ങളിൽ കൊത്തിയ വൈദ്യുതവാർപ്പിനേയും അടയാളപ്പെടുത്തുന്നു. വാക്കുകൾ തിരഞ്ഞെടുക്കുമ്പോൾ പറയാതെപ്പറഞ്ഞ വസ്തുതകൾ ആവർത്തിക്കാതിരിക്കണം. ഒരു വാക്ക് ഏതെങ്കിലും പ്രവർത്തിയെ

ധ്വനിപ്പിക്കുന്നെങ്കിൽ, അത് വീണ്ടും പറഞ്ഞ് എപ്പോഴും അടിവരയിടേണ്ടതില്ല. ശാസ്ത്രവിഷയങ്ങൾ വിവരിക്കുന്ന സന്ദർഭങ്ങളിൽ അനുവർത്തിക്കേണ്ട രീതി നേരെ മറിച്ചുമാണ്.

- ഉള്ളിലുദിച്ച ആശയം എഴുതുന്നതിനുമുമ്പ് പ്രധാനഘടകങ്ങൾ കുറിപ്പാക്കുക/കടലാസ്സിലാക്കുക. ആശയം എഴുതാൻ യോഗ്യമാണോയെന്ന വിലയിരുത്തലും വേണം. *<u>പറഞ്ഞുമടുത്ത പ്രണയക്കഥയ്ക്കു പുതിയ മാനമുണ്ടോയെന്ന് അന്വേഷിക്കണമെന്നർത്ഥം</u>*.
- വാക്കുകൾ തിരഞ്ഞെടുക്കുകയെന്നത്—പ്രധാനമായും ക്രിയാപദങ്ങൾ—ശ്രമകരമാണ്. ഉദ്ദേശിച്ച അർത്ഥം സംവദിക്കുന്നില്ലെങ്കിൽ, ഉദാസീനത വെടിഞ്ഞ്, ഓർമ്മയെ മാത്രം ആശ്രയിക്കാതെ, പണം കൊടുത്തു വാങ്ങിയ ഡിക്ഷണറിയോ തെസാറസ്സോ വിദഗ്ദ്ധമായി ഉപയോഗിക്കുകയാണ് വേണ്ടത്.
- വായനയുടെ ഒരു ഗുണം, വായിക്കുന്ന വസ്തുവിൽനിന്നും വിഭിന്നമായ അനുഭവമോ ഉൾക്കാഴ്ചയോ സമാനസന്ദർഭത്തിൽ ദർശിക്കാമെന്നതാണ്. ഒരു കഥ വായിക്കുമ്പോൾ, ഉല്പാദനക്ഷമതയുള്ള എഴുത്തുകാരന്റെ സർഗ്ഗഗ്രന്ഥി, മറ്റൊരു കഥ അബോധമനസ്സിൽ നെയ്യുന്നു. ഒരു അനുസിദ്ധാന്തം സൃഷ്ടിക്കുകയാണെങ്കിൽ, അപ്രകാരം പ്രചോദനം നൽകുന്ന കൃതിയാണ് യഥാർത്ഥ സാഹിത്യം. അത്തരം കൃതികൾ വായിക്കുന്ന അവസരത്തിൽ, എം. ആർ. ഐ. യുടെയും പി. ഇ. ടി.യുടേയും സഹായമില്ലാതെത്തന്നെ തലച്ചോറിലെ പല കേന്ദ്രങ്ങളിലും പ്രകാശബിന്ദുക്കൾ കാണാം നമുക്ക്.
- ഭാവനയുടെ മഷിക്കൂട്ട് ചാലിച്ചുചാലിച്ചു പരുവപ്പെടുമ്പോൾ, അതിന്റെ ക്രിറ്റിക്കൽ മാസ്സ് എത്തുമ്പോൾ, വൈദ്യുതീപരിമണ്ഡലം മുറിഞ്ഞ്, സ്ഫോടനത്തോടെ വാക്കുകൾ പ്രവഹിക്കുന്നു. വെറും വിവരണം വെടിഞ്ഞ് ഭാവനയുടെ ശാക്തികസ്രോതസ്സിൽനിന്ന് പുതിയൊരുല്പന്നം സംജാതമാകുന്നു. സ്വാഭാവികമായും ഈ കഥ വായനക്കാരനു ദിവാസ്വപ്നത്തിൽ രമിക്കാനുള്ള വേദിയായി മാറുന്നു. എഴുതുന്നൂവെന്ന ചിന്തയിൽനിന്നും മനോമോചനം നേടി, എഴുത്തുകാരൻ മാടപ്പിറാവോ, കഴുകനോ, കാകനോ ആയി, ഉയരങ്ങളിൽ പൊങ്ങിനീന്തി വിഗഹവീക്ഷണം നടത്തുന്നു.
- നാടകീയാന്ത്യമോ പരിണാമഗുപ്തിയോ കഥാസാരമോ അല്ല, നല്ല കഥയായി പരിണമിക്കുന്നത്. കുറ്റവാളി ആരെന്ന് മുന്നേ വെളിപ്പെട്ടിട്ടും തന്മയത്തത്തോടെ കഥ പറയുന്ന ഹിച്ച്കോക്ക് തിരക്കഥയും, കഥയറിഞ്ഞ് ആട്ടം കാണുക എന്ന കൈരളീസൂത്രവും ഓർക്കുക!

## ചാലകതന്ത്രത്തിലെ ചില സൂത്രവാക്യങ്ങൾ

മൗലിക രചനയ്ക്കാണ് മുൻതൂക്കം കൊടുക്കേണ്ടത്. മുൻമാതൃകകളില്ലാത്ത കൃതികളാണ് നിലനിൽക്കുന്നതും, കരണീയവും. അതിനു സ്വന്തം മുദ്രയും ശൈലിയും പതിപ്പിച്ചു വളർത്തേണ്ടതുണ്ട്. വായിച്ചതിന്റെ അനുരണനം ആർക്കും ഒഴിവാക്കാനാവില്ല; എന്നാൽ അതിനെ സ്വാംശീകരിച്ച് പുതിയതൊന്ന് സൃഷ്ടിക്കുകയാണു വേണ്ടത്. ക്ലോണിങ്ങിന്നിടയിൽ "നോവൽ" ഉണ്ടാക്കണമെന്നു

വിവക്ഷ. ക്ലാസ്സിക്കുകളുടെ സ്വാധീനം എഴുത്തിനെ നിയന്ത്രിക്കരുതെന്നു സാരം. സ്വന്തം അനുഭവത്തെ ആശ്രയിച്ചുള്ള—അവ കണ്ടോ കേട്ടോ വായിച്ചോ അറിഞ്ഞവയായിരിക്കാം—കഥാതന്തു തിരഞ്ഞെടുത്താൽ, കഥ സ്വാഭാവികതയോടെ വളരും. എന്നാലത് വെറും ആത്മകഥയാക്കുകയുമരുത്.

## ആദ്യകരടുരേഖയ്ക്കുശേഷം

എഴുതിയ കൃതി കുറച്ചു ദിവസങ്ങളെങ്കിലും ഇൻക്യുബേറ്റ് ചെയ്യാൻ വെക്കുകയാണ് വേണ്ടത്. പുനർവായനയിലൂടെ ചെത്തിയും കൊത്തിയും മൂർച്ച വരുത്തിയും മൂന്നോ നാലോ തവണ വായിച്ച് നിരന്തരസംശോധനം നടത്തണം. വ്യാകരണവും, അന്വയവും, കൃത്യതയും, ആശയവ്യക്തതയും, ചിഹ്നശുദ്ധിയുമെല്ലാം ഈ ഘട്ടത്തിൽ ശ്രദ്ധിക്കണം. ചിരപരിചയംകൊണ്ട് ആദ്യവായനയിൽത്തന്നെ ഈ കടമ്പ കടക്കാൻ കഴിഞ്ഞെന്നിരിക്കും. ഓരോ തവണ വായിക്കുമ്പോഴും പരിശോധനയുടെ ഒരു ഭാഗത്തിനു ഊന്നൽ കൊടുക്കുക: ഉദാഹരണത്തിന്, ആദ്യവായനയിൽ പരസ്പരബന്ധം പരിശോധിക്കുക; രണ്ടാം വായനയിൽ വ്യാകരണവും ശൈലിയും ശരിയാക്കുക; മൂന്നാം വായനയിൽ മറ്റു അറ്റകുറ്റങ്ങൾ തീർക്കുക. ഇതെല്ലാം ഇതേ ക്രമത്തിൽ വേണമെന്ന് നിർബന്ധമില്ല. “തിരുത്തൽവാദി”യാകണമെന്ന് എല്ലാവരും ഒരുപോലെ സമ്മതിക്കുന്ന സന്ദർഭം തന്നെയിത്. (ഒരു മുന്നറിയിപ്പ്: അവസാനം, ധൃതിപിടിച്ച് തിരുകുന്ന തിരുത്തലുകളിലായിരിക്കും, ഏറ്റവുമധികം *തേറ്റുകൽ* (തെറ്റുകൾ) വന്നുചേരുക!)

സ്വയംവിമർശനവും സ്വയംവിശകലനവും സ്വായത്തമായാൽ—അതായത്, കൃതിയുമായുള്ള ആത്മബന്ധം വെടിഞ്ഞ്, മറ്റൊരാളുടെ കൃതി വായിക്കുന്നപോലെ സ്വകൃതി വായിക്കാൻ കഴിഞ്ഞാൽ—ഈ കൃത്യം സുകരമാകും. ഈ ഘട്ടങ്ങൾ കഴിഞ്ഞതിനുശേഷം മാത്രമേ മറ്റൊരാളെ കാണിക്കാവൂ. അരപ്പണി ആശാനേയും കാണിക്കരുതെന്ന നാടൻബോധം ഇതോർമ്മിപ്പിക്കുന്നു. അല്ലാത്തപക്ഷം, *ഏവരും അനാവശ്യമായി നിങ്ങളുടെ ഗുരുക്കളായി മാറും*.

ഒരു കലാകാരനാണ് നിങ്ങളെങ്കിൽ, കൃതിയിലെ ആശയങ്ങൾ ഒരു കൊളേഷുപോലെ ചിത്രത്തിലാക്കി പരസ്പരബന്ധം പരിശോധിക്കാവുന്നതാണ്. കൃതി പൂർണ്ണമായി എഴുതിയതിനുശേഷവും ഇതു പരീക്ഷിക്കാം. പ്രമുഖ തിരക്കഥാക്കർത്താക്കൾ ഇത്തരം മാർഗ്ഗം അനുവർത്തിക്കാറുണ്ട്. *ഒടുവിൽ കൃതിയുടെ രത്നച്ചുരുക്കം ചുരുങ്ങിയ വരികളിൽ എഴുതിനോക്കി ആശയമേന്മ വിലയിരുത്താവുന്നതുമാണ്*. പരസ്പരബന്ധം ഒരിക്കൽക്കൂടി പരിശോധിക്കാൻ സഹായകവുമാകുമിത്. പിന്നീട്, ഒരു സഹൃദയനേപ്പോലെ വായിച്ച് വായനക്കാരന്റെ മിടിപ്പ് അനുഭവവേദ്യമാക്കാം.

വായനക്കാരന്റെ കാഴ്ചപ്പാടിൽ സ്വകൃതി വായിക്കാമെന്നുമാത്രം. എന്തായാലും, ഒരിക്കലും, ആദ്യ കരടുരേഖ (ഫസ്റ്റ് ഡ്രാഫ്ട്) വായനക്കാരനുവേണ്ടി എഴുതരുത്—വായനാക്ഷമത ഇദ്ദശയിൽ വേണ്ടെന്നല്ല അർത്ഥം. ആദ്യവിമാനയാത്രയിൽ ഉണ്ടായ

ഒരു അനുഭവം കഥയിൽ കുറിക്കുമ്പോൾ (അവളുടെ ആകാംക്ഷ, അഭിനിവേശം, ഗൃഹാതുരത, പശ്ചാത്തലം എന്നിവ), ആ വികാരം സംക്രമിക്കുന്നത് ഓരോ വായനക്കാരിയിലും വ്യത്യസ്തമായിട്ടാണ്. ഒരു ചെറുപ്പക്കാരനോ വൃദ്ധയോ അനുഭവിക്കുന്ന അക്ഷരജ്ഞാനം, അവരുടെ ഓർമ്മമണ്ഡലത്തിൽ അടിഞ്ഞ ജീവിതക്കാഴ്ചയുടെ അടിസ്ഥാനത്തിലായിരിക്കും. അതുകൊണ്ടാണ് പലർക്കും രുചിഭേദം തോന്നുന്നത്—നിരൂപകർക്കുപോലും. *<u>അപ്പോൾ വായനക്കാരനുവേണ്ടി എഴുതുക എന്നത്, സഹൃദയനുവേണ്ടി എഴുതുകയെന്ന് മൊഴിമാറ്റം നടത്താം</u>*. വ്യക്തമായ ഉദ്ദേശ്യത്തോടെയുള്ള ബാല-ശാസ്ത്രസാഹിത്യ നിർമ്മിതിയിൽ ഇത്തരം നിർദ്ദേശങ്ങൾക്കു സ്ഥാനമില്ല. പക്ഷെ, ഭാവനാപ്രധാനമായ സർഗ്ഗസാഹിത്യം, ബുദ്ധിയിലുദിച്ച് ഹൃദയത്തിലൂടെ ഒഴുകുന്ന, കുഞ്ഞരുവിയോ കാട്ടാറോ ആകണം.

നല്ല വായനക്കാർ സ്വന്തം അഭിപ്രായം ഉള്ളവരായിരിക്കും—അവതാരികാകാരന്റെ അഭിപ്രായ ഈണത്തിനൊപ്പം ചുവടുവെക്കുന്നവരായിരിക്കില്ല. സ്വന്തമായി കൃതിയെ വിമർശിക്കാനോ നിരൂപണം ചെയ്യാനോ കഴിവുള്ള വായനക്കാരൻ സർഗ്ഗക്രിയയെ തിരിച്ചറിയുന്ന സഹൃദയനായിരിക്കും.

## കഥാസരിത്ത്: വീട്ടിലൊരു ശില്പശാല

ഇനി, കഥകൾ ഒഴുകുന്ന ആവിഷ്ക്കരണരീതികൾ പ്രതിപാദിക്കാം. കൂടുതൽ രീതികൾ കൂട്ടിച്ചേർക്കാൻ സ്വാഗതം. ഒരേ കഥ പല രൂപങ്ങളിൽ അവതരിപ്പിക്കാമല്ലൊ. താഴെപ്പറയുന്ന കഥനരീതികളിൽ ഒരേ കഥ പറഞ്ഞ്/എഴുതി കഥാകൃത്തുക്കൾക്ക് സ്വന്തം ശില്പശാല തീർക്കാവുന്നതാണ്. പ്രധാന രീതികൾ ഇതാ:

1. കത്തിന്റെ രൂപത്തിൽ, 2. ഡയറിക്കുറിപ്പായി, 3. ഫ്ളേഷ് ബേക്ക് ചിത്രീകരണമായി, 4. വാർത്താക്കുറിപ്പിന്റെ രീതിയിൽ, 5. പരസ്പരം ബന്ധിപ്പിക്കുന്ന, എന്നാൽ വേറിട്ടുനിൽക്കുന്നുവെന്ന് തോന്നിപ്പിക്കുന്ന ഖണ്ഡങ്ങളാക്കി, 6. സംഭവ വിവരണമായി/യഥാതഥ ചിത്രീകരണമായി 7. അപ്രതീക്ഷിത വഴിത്തിരിവിൽ കലാശിച്ച് അത്ഭുതക്കാഴ്ച പ്രസരിക്കുന്ന രീതി, 8. അപസർപ്പക മാർഗ്ഗത്തിൽ, 9. ബൈബിൾ തുടങ്ങിയ ഗ്രന്ഥങ്ങളിലെ വെളിപാടിന്റേയും ദീർഘദർശനങ്ങളുടേയും ശൈലിയിൽ, 10. ആത്മഗതങ്ങളായി, 11. ബോധധാരാരീതിയിൽ, 12. വിഭ്രമസംഭവങ്ങളായി /മാന്ത്രികസ്പർശത്തോടെ, 13. പ്രഥമപുരുഷ അവതാരകനായി, 14. ആത്മകഥാരീതിയിൽ/ഓർമ്മക്കുറിപ്പായി, 15. ഡോക്യുമെന്ററിയായി, 16. റേഡിയോ/ടി.വി. റിപ്പോർട്ടിന്റെ രീതിയിൽ, 17. സ്പേസുകളടക്കം 140 അക്ഷരത്തിൽ ഒതുക്കേണ്ട ടിറ്റർ പോസ്റ്റിങ് പോലെ, 18. ദീർഘപരിധിയില്ലാത്ത ഫേസ്ബുക്ക് പോസ്റ്റിങ്ങായി (ഇത്തവണ മൻബുക്കർ അവാർഡുജേതാവായ അമേരിക്കക്കാരി ലിഡിയ ഡേവീസിന്റെ ദൈർഘ്യമില്ലാത്ത കഥാരചനകൾ ഉദാഹരണത്തിന്).

വീണ്ടും പറയട്ടെ, സാൻഡി കൊടുങ്കാറ്റിൽ നഷ്ടപ്പെട്ട ഒരു പട്ടിയെ കണ്ടെത്തുന്ന സംഭവം, ഭാവനയെ ഉദ്ദീപിപ്പിച്ച്, ഒരേ കഥയെ തികച്ചും വ്യത്യസ്തങ്ങളായ പതിനെട്ട് രൂപങ്ങളാക്കി മാറ്റിനോക്കൂ, കഥയുടെ ക്രാഫ്റ്റും ടെക്നിക്കും ഒഴുകുന്ന വഴികൾ സർഗ്ഗചൈതന്യമുള്ളവർക്ക് കണ്ടെത്താം, സ്വായത്തമാക്കാം. അതുകൊണ്ടാണ്, ആകെ

കുറച്ചു പ്രമേയങ്ങളേയുള്ളൂവെന്നും, അവ നിത്യനൂതനങ്ങളെന്നു തോന്നിപ്പിക്കുന്നത് അവതരണരീതിയിലുള്ള വ്യത്യസ്തത മൂലമാണെന്നും പറഞ്ഞുവെച്ചിട്ടുള്ളത്. അങ്ങിനെ, വീട്ടിലിരുന്നുത്തന്നെ നിങ്ങൾക്ക് ഒരേകാംഗ ശില്പശാലയുടെ ഡയറക്ടറുമാകാം.

(അടുത്തത് അവസാന ഭാഗം – കഥയും വ്യാമിശ്രധാരണകളും)
*******************************************************************************************